# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 04/03/2016

(23 JAMADUL AWWAL 1437 HIJRI)

Hazrat Khalifathullah Munir Ahmad Azim (A)

## "NATURAL DISASTERS, OR DIVINE PUNISHMENTS ?" / പ്രകൃതി ദുരന്തങ്ങളോ ദൈവീക ശിക്ഷകളോ ?

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം പ്രകൃതി ദുരന്തങ്ങളോ ദൈവീക ശിക്ഷകളോ എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയുണ്ടായി.

**പ്രകൃതി ദുരന്തങ്ങളോ ദൈവീക ശിക്ഷകളോ ?**

മനുഷ്യ നിർവ്വചന പ്രകാരം പ്രകൃതി ദുരന്തങ്ങൾ എന്തൊക്കെയാകുന്നു ? നിയന്ത്രണവിധേയമാക്കാവുന്ന വിപത്തുകളും, അനിയന്ത്രിതമായ വിപത്തുകളും, വിപത്തുകളുടെ കാഠിന്യത്തിന്റെ തോതനുസരിച്ച് ഇവയെ തരം തിരിച്ചിരിക്കുന്നു. ഉദാഹരണത്തിന് ഭൂകമ്പങ്ങൾ, കൊടുങ്കാറ്റുകൾ, വരൾച്ചകൾ, വെള്ളപ്പൊക്കങ്ങൾ തുടങ്ങിയവ ഇവയെ രണ്ട് വിഭാഗമായി തരംതിരിച്ചിരിക്കുന്നു. 1. മനുഷ്യ കരങ്ങൾ തെറ്റായ നിലയിൽ പ്രവർത്തിച്ചതുമൂലമുണ്ടായ പ്രത്യക്ഷ ദുരന്തങ്ങൾ. ഉദാഹരണത്തിന് ആഗോളതാപനം അന്തരീക്ഷ മലിനീകരണം തുടങ്ങിയവ. 2. ഭൂമിയുടെയും മറ്റ് ഗ്രഹങ്ങളുടെയും പ്രവർത്തനം മൂലം പ്രകൃതി സ്വയം പ്രത്യക്ഷപ്പെടുത്തുന്നവ, ചിലപ്പോൾ അത് പ്രവചനപരമാകാം മറ്റ് ചിലപ്പോൾ പ്രവചനാതീതമാകാം.

**ജീവന്റെ സൃഷ്ടിപ്പിൽ പ്രകൃതിയുടെ പങ്ക്**

എല്ലാ ജീവജാലങ്ങളുടെയും സൃഷ്ടിപ്പിൽ ഭൂമിക്കും മറ്റിതര ഗോളങ്ങൾക്കും അതിന്റേതായ പങ്കുണ്ട്. ജീവസൃഷ്ടി പദ്ധതിയിൽ അവയ്ക്ക് സുവ്യക്തമായ പങ്കുണ്ട്. അതുകൊണ്ട് തന്നെ അവയുടെ നിലനിൽപ്പ് വ്യഥാവിലല്ല. ആയതിനാൽ ബഹുഭൂരിഭാഗം ജീവന്റെയും താൽപര്യപ്രകാരം, കുറേ വ്യക്തി താൽപര്യങ്ങൾ നാം ത്യജിക്കേണ്ടി വരും. ഇത് ഒരു അംഗീകൃത തത്വമാണ്. കാര്യങ്ങൾ ക്രമപ്രകാരം ആസൂത്രണം ചെയ്യുന്നതിന് ഈ ദുരന്തങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഒരു പങ്കുണ്ട്. ജീവന്റെ യാത്രയിലും അതിന്റെ പുരോഗതിയിലും അവയെ നിരർത്ഥകമെന്ന് പറഞ്ഞ് തള്ളികളയാവതല്ല. കുറേ വ്യക്തികൾ അതിന്റെ ഇരകളായി തീരുന്നു എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു.

**ദുരന്തങ്ങൾക്ക് പിന്നിലെ തത്വശാസ്ത്രം**

ജീവിതവും മരണവും എന്ന പ്രതിഭാസത്തെക്കുറിച്ച് നിങ്ങൾ പഠനം നടത്തുകയാണെങ്കിൽ, ഈ ദുരന്തങ്ങൾക്ക് പിന്നിലുള്ള പൊതു തത്വശാസ്ത്രം എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാകും. ഒന്ന് മറ്റൊന്നിന്റെ നേരെ നടത്തുന്ന ഈ ആക്രമണം ! ജീവന്റെ മുന്നോട്ടുള്ള യാത്രയിലെ ഓരോ ചവിട്ടടിയിലും, ലക്ഷോപലക്ഷം ഇരകളെ ആ വഴിച്ചാലുകളിൽ നമുക്ക് കാണാം. ഓരോ ചവിട്ടടിയിലും, ഉണ്ടാകാൻ സാധ്യതയുള്ള എണ്ണമറ്റ ജീവന്റെ നാശം സംഭവിച്ചിട്ടുണ്ട്. ഈ പ്രപഞ്ചത്തിൽ ദശലക്ഷക്കണക്കിന് ഇനത്തിൽപ്പെട്ട ജീവികളെ നാം കാണുന്നു; അതിന്റെ ഒരെണ്ണത്തിന്റെയെങ്കിലും എണ്ണമോ നമുക്ക് എണ്ണിതീർക്കാവതുമല്ല. ജീവന്റെ വിവിധ രീതിയിൽപ്പെട്ട ജീവികൾ ! എന്താണ് ഇവയുടെയൊക്കെ പരമമായ ലക്ഷ്യം ? കാര്യങ്ങളെ എങ്ങനെയാണ് ഓരോ രീതിയിൽ തരം തിരിച്ചിരിക്കുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ, നിങ്ങൾക്ക് കണ്ടെത്തുവാൻ കഴിയും, അവയെ സൃഷ്ടിച്ചിരിക്കുന്നത് മനുഷ്യന് സേവനം ചെയ്യുവാൻ വേണ്ടിയാണെന്ന്! മനുഷ്യന് ആവശ്യമുള്ള പരിതസ്ഥിതിക്ക് സേവനം ചെയ്യുകയാണ് അവയുടെ പരമമായ ധർമ്മം. ഇതൊക്കെ നടപടികളുടെ ഒരു ഭാഗം മാത്രമാണ്. ഗുണ ലാഭത്തിന് വേണ്ടിയാണ് ഇവയൊക്കെ ത്യാഗം ചെയ്യുന്നത്. ഈ

മുഴു പദ്ധതിയുടെയും സത്ത ഇതാകുന്നു. മനുഷ്യ ക്ഷേമത്തിനായി ലക്ഷം കോടി ജീവനുകൾ ത്യാഗം ചെയ്യുകയാണെങ്കിൽ, ശ്രേഷ്ഠ ജീവി, അവന്റെ ഗുണങ്ങൾ വർദ്ധിപ്പിക്കേണ്ടതു തന്നെയാണ്, അത് ചില പരീക്ഷണങ്ങളിലൂടെയാണ്, പരീക്ഷണങ്ങളിലൂടെയാണ് ഈ മഹത്തായ പദ്ധതിക്കായി ചില ത്യാഗങ്ങളൊക്കെ ചെയ്യേണ്ടത് നിതീകരിക്കപ്പെടാവുന്നതുമാണ്.

മനുഷ്യ ജീവിതത്തിലുണ്ടാകാവുന്ന അനേകം ദുരന്തങ്ങളും ഒഴിവാക്കാവുന്നതാണ്. മനുഷ്യ ജന്മത്തിന്റെ ഉദ്ദേശ്യ ലക്ഷ്യത്തിലേക്ക് അവൻ ഉയർന്നിരുന്നുവെങ്കിൽ ! വിശിഷ്യാ അവന്റെ നിത്യ ജീവിതത്തിൽ മനുഷ്യത്വപരമായും ധർമ്മവീര്യത്തോടെയും പെരുമാറിയിരുന്നെങ്കിൽ ! കാരണം ഈ ദുരന്തങ്ങൾക്ക് അതിന്റേതായ ഒരു ലക്ഷ്യവും ദിശാബോധവും ഉണ്ട്. അവൻ ചെയ്തതിന്റെ പ്രതിഫലമാണ് അവൻ നേരിടേണ്ടി വരുന്നത്. ലക്ഷം കോടി വർഷങ്ങളിലൂടെ അവർക്ക് അല്ലാഹു ലഭ്യമാക്കിക്കൊടുത്ത അനുഗ്രഹങ്ങൾ നശിപ്പിക്കുവാൻ അവർക്ക് അവകാശമുണ്ടോ ? ഉത്തരം നിസാരമാണ് അതായത് മനുഷ്യന് ദൈവം നൽകിയ കാര്യങ്ങളെക്കുറിച്ച് അവൻ ചിന്തിക്കുകയാണെങ്കിൽ, ഇത് മുഴുവൻ നശിപ്പിക്കപ്പെട്ടാലും നീതികരിക്കപ്പെടാവുന്നതേയുള്ളൂ. കാരണം സൃഷ്ടിപ്പിന്റെ ലക്ഷ്യത്തെ തന്നെ അവൻ നഷ്ടപ്പെടുത്തി കളഞ്ഞു. ദൈവത്തോടും ദൈവത്തിന്റെ കല്പനകളോടും അവൻ സ്വയം എതിർപ്പ് പ്രകടിപ്പിക്കുന്നവനായി തീർന്നു.

**<u>പ്രകൃതി ദുരന്തങ്ങൾ</u>**

പ്രകൃതി ദുരന്തങ്ങളെപ്പറ്റി പറഞ്ഞാൽ, അവ ദൈവീക ശിക്ഷകളായി പരിവർത്തിക്കപ്പെടുകയാണ് എന്നത് ഒരു പ്രതിഭാസമാണ്. അതൊരു പുതിയ കാര്യമൊന്നുമല്ല. വളരെ മുമ്പ് മുതൽ തന്നെ അത് നിലനിൽക്കുന്നതുമാണ്. താഴെപ്പറയുന്ന ഖുർആൻ വചനത്തിൻ പറഞ്ഞതുപോലെ **“മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവർ (ദുഷ്കൃത്യങ്ങളിൽ നിന്ന്) മടങ്ങുന്നതിന് വേണ്ടി ” 30:42.**

പ്രകൃതി ദുരന്തങ്ങളുടെ യഥാർത്ഥ കാരണങ്ങളെ തിരിച്ചറിയുവാനുള്ള തത്വശാസ്ത്രത്തെയാണ് ഈ വചനം ലക്ഷ്യമാക്കുന്നത്. അവർ മനസ്സിലാക്കേണ്ടത് മാനവർ അപൂർണ്ണരാണ്. യഥാർത്ഥ കാരണം ചരിത്രാതീത കാലത്തിലാണ് നിലകൊള്ളുന്നത്. അതായത് ലക്ഷോപലക്ഷം വർഷങ്ങൾക്കു മുമ്പ് – ഖുർ ആൻ നമുക്ക് മനസ്സിലാക്കി തരുന്നതുപോലെ. ഇതു സംബന്ധമായി, ഖുർ ആൻ, നാശമടഞ്ഞ നഗരങ്ങളുടെയും ജനതകളുടെയും ഉദാഹരണങ്ങൾ നമുക്ക് മുൻപാകെ വയ്ക്കുന്നു. ജനങ്ങൾ സാധാരണയായി മനസ്സിലാക്കുന്നത് പ്രകൃതി ദുരന്തങ്ങളാണ്. എന്നാൽ പ്രകൃതിപരമായ ഇത്തരം ദുരന്തങ്ങളുടെ അവസ്ഥ ജനങ്ങൾക്ക് വ്യക്തമാകുന്നതിൽ നിന്നും, അവ്യക്തമായി പോകുന്നു. അതായത് ഇത് സർവ്വശക്തനായ ദൈവത്തിന്റെ ക്രോധത്തിൽ നിന്നുമാണ്, വളരെയധികം നാശം വിധയ്ക്കാത്ത ഈ പ്രകൃതി ദുരന്തങ്ങൾ പ്രകടമാക്കിയത്. എന്നാൽ ദൈവ ക്രോധം ഒരു നഗരത്തെ അഥവാ ജനതയെ അല്ലെങ്കിൽ ജനതകളെ / രാജ്യങ്ങളെ ലോകത്തിന് ചുറ്റും ഒരേ സമയം തൂത്തെറിയുമ്പോൾ, ഈ പ്രകൃതി ദുരന്തങ്ങൾ പ്രകൃത്യാ നിലയ്ക്കുന്നു. ഇത്തരം ദുരന്തങ്ങൾ ദൈവീക ദൃഷ്ടാന്ത ക്രോധമായും ശിക്ഷയായും പരിവർത്തിക്കപ്പെടുന്നു. സാഹചര്യത്തിന്റെ ഗൗരവം മനുഷ്യനെ ചിന്തിപ്പിക്കുവാനായി, അവർക്ക് ജീവിക്കുവാൻ, ദൈവം വിശ്വസിച്ചേൽപ്പിച്ച ഈ ലോകത്തിലെ, അവരുടെ കഴിവില്ലായ്മ ബോധ്യപ്പെടുത്തുവാനായി, ഇത് സംഭവിച്ചതിന്റെ പ്രധാന കാരണം ദൈവം നിലനിൽക്കുന്നു എന്ന സത്യത്തെ നിരാകരിച്ചതും, മനുഷ്യ സൃഷ്ടിപ്പിൽ അവന്റെ പങ്കിനെ നിരാകരിച്ചതും, അവനെ ആരാധിക്കുന്നതിന് നിരസിച്ചതും, അഥവാ അവനോടൊപ്പം മറ്റ് പൊയ് ദൈവങ്ങളെ പങ്കു ചേർത്തതുകൊണ്ടുമാണ്.

അങ്ങനെ ഈ ദുരന്തത്തിന്റെ യഥാർത്ഥ കാരണം മനുഷ്യ പുരോഗതിയുടെ കഴിഞ്ഞുപോയ കാലഘട്ടങ്ങളിലൂടെ നീണ്ടു കിടക്കുകയാണ്. പിന്നിലേക്ക് നാമൊന്നു തിരിഞ്ഞു നോക്കിയാൽ ഈ ദൈവീക ക്രോധ ദൃഷ്ടാന്തങ്ങൾ വരും തലമുറയ്ക്ക് ഒരനുഗ്രഹമാണെന്ന് കാണാം. സത്യാന്വേഷികൾ ഇക്കാര്യം നല്ലതുപോലെ മനസ്സിലാക്കുന്നതാണ്. ഇത്തരം അതികഠിനമായ ദുരന്തങ്ങൾ സംഭവിക്കുന്നത് ദൈവത്തെ ആരാധിക്കുന്നതിൽ നിന്നും മനുഷ്യൻ വ്യതിചലിക്കുമ്പോഴാണ്. മുൻകാലങ്ങളിൽ വന്ന ദൈവദൂതൻമാരുടെ പ്രവചനങ്ങൾ നടപ്പിൽ വന്നത് എങ്ങനെയെന്ന് അവർ കാണിക്കപ്പെടുന്നു. ഇന്ന് നിങ്ങളുടെ മുൻപിൽ (ഈ നൂറ്റാണ്ടിൽ) ഒരു ദൈവദൂതൻ ഹാജരായിരിക്കുന്നു; വരും കാലങ്ങളിലും പ്രവാചകൻമാർ വന്നുകൊണ്ടിരിക്കും. ജനങ്ങൾക്ക് ദൈവ ക്രോധത്തിന്റെ മുന്നറിയിപ്പുമായി ! അവർ ഏകനായ ദൈവത്തെ മാത്രമെ ആരാ

ധിക്കാവൂ എന്ന മുന്നറിയിപ്പുമായി. അപ്രകാരം അവർ മടങ്ങുന്നില്ലെങ്കിൽ ദൈവ ക്രോധം ഇറങ്ങുന്നതാണ്. ചുരുക്കത്തിൽ ഈ ദുരന്തങ്ങൾക്ക് അതിന്റെതായ പ്രയോജനങ്ങൾ ഉണ്ട്. ഞാൻ പറഞ്ഞത് പോലെ മാനവ പുരോഗതിയുടെ ചരിത്രത്തിൽ അഥവാ ജീവിത വികാസത്തിന് അവയ്ക്ക് വളരെ പ്രധാനപ്പെട്ട ഒരു സ്ഥാന മുണ്ട്. മാത്രമല്ല ഒരു രാജ്യം അഥവാ ജനത ദൈവത്തിനെയും ദൈവദൂതനെയും അനുസരിക്കുന്നില്ലെ ങ്കിൽ, അപ്പോൾ അവരുടെ പ്രവർത്തനങ്ങളുടെ അനന്തര ഫലങ്ങൾ എന്ന നിലയിലുള്ള ദുരിതങ്ങൾ ഏറ്റു വാങ്ങേണ്ടി വരും.

സൃഷ്ടിപ്പിന്റെ ലക്ഷ്യം പൂർണ്ണമാകുന്നില്ലെങ്കിൽ മാനവസമൂഹത്തെ മൊത്തത്തിൽ ഇല്ലായ്മ ചെയ്യു വാനുള്ള സമ്പൂർണ്ണ അധികാരം അല്ലാഹുവിനുണ്ട്. അതുകൊണ്ട് ഈ വർഷം നാം സാക്ഷ്യം വഹിച്ച വരൾച്ച അഥവാ വെള്ളപ്പൊക്കം മൗറീഷ്യസിലും കൂടാതെ ഇന്ത്യ, പെറു, ഹൈതി, ഇൻഡോനേഷ്യ, ബ്രസീൽ, ബൊളീവിയ തുടങ്ങിയ രാജ്യങ്ങളിലും ഉണ്ടായ വെള്ളപ്പൊക്കത്തെ നാം അതിജീവിച്ചിരിക്കുന്നു. നാശ നഷ്ട ങ്ങൾ വളരെയധികം ഉണ്ടായി. ഇത്തരം ദുരിതങ്ങൾ ചെറിയ ശിക്ഷകളാണ്, വളരെ ചെറിയ ശിക്ഷകൾ, യഥാർത്ഥ നിലയിലുള്ളതല്ല അർഹിക്കുന്നതിലും വളരെ ചെറിയ നിലയിൽ ! അതുകൊണ്ടാണ് വിശുദ്ധ ഖുർ ആൻ നമ്മോട് പറയുന്നത് മനുഷ്യരുടെ പ്രവർത്തനങ്ങൾക്ക് അവർ അർഹിക്കുന്ന യഥാർത്ഥ ശിക്ഷ ദൈവം തീരുമാനിച്ചിരുന്നുവെങ്കിൽ ഭൂമുഖത്തുള്ള എല്ലാ ജീവനെയും തുടച്ചു നീക്കപ്പെടുമായിരുന്നു. ഇതാണ് ഖുർആന്റെ തത്വശാസ്ത്രം!

## <u>നിരപരാധികളായ മൃഗങ്ങൾ</u>

ജനങ്ങൾ അവരുടെ ചിന്തയിൽ അഭിമുഖീകരിക്കുന്ന ഒരു വിഷമ വൃത്തമാണ്, അതായത് മനുഷ്യൻ ചെയ്യുന്ന തെറ്റുകൾക്ക് നിരപരാധികളായ മൃഗങ്ങൾ ഇരകളായി തീരുന്നത് എന്തിനാണ് ? വിശുദ്ധ ഖുർആ നിലെ 16:22 ൽ വിവിധ വർഗ്ഗത്തിൽപ്പെട്ട ജീവികളുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ച് കൂടുതൽ വെളിച്ചം നൽകിയിരിക്കുന്നു. അവ സൃഷ്ടിക്കപ്പെട്ടത് മനുഷ്യന്റെ നന്മയ്ക്ക് വേണ്ടിയാണ്. മാനവൻ പ്രതീ ക്ഷിച്ച നിലവാരത്തിൽ ജീവിക്കുന്നില്ലെങ്കിൽ, അപ്പോൾ എല്ലാ ജീവനും (ജീവ പ്രക്രിയ) അവനോടൊപ്പം അപ്രത്യക്ഷമാവുക തന്നെ ചെയ്യും! ഒന്നും അവശേഷിക്കാത്ത നിലയിൽ എല്ലാം അപ്രത്യക്ഷമാകും. അല്ലാഹു (ത) പറയുന്നു **"മനുഷ്യരെ അവരുടെ തെറ്റിന് (എല്ലാം) അല്ലാഹു പിടിച്ചു ശിക്ഷിക്കുകയായിരുന്നെങ്കിൽ ഭൂമു ഖത്ത് ഒരു ജീവിയേയും അവൻ അവശേഷിപ്പിക്കുകയില്ലായിരുന്നു. പക്ഷെ, അവൻ ഒരു നിശ്ചിത അവധി വരെ അവർക്ക് അവസരം കൊടുക്കുകയാണ്. അങ്ങനെ അവരുടെ അവധി എത്തിക്കഴിഞ്ഞാൽ ഒരു നിമിഷം പോലും പിന്തുവാനോ, മുന്തുവാനോ അവർക്ക് സാധ്യമല്ല" 16:62.**

മനുഷ്യ സമൂഹത്തിന്റെ അതിക്രമത്തിന് അല്ലാഹു ഉടൻ തീരുമാനം എടുക്കുകയാണെങ്കിൽ ഭൂമു ഖത്ത് ഒരു ജീവിയും അവശേഷിക്കുമായിരുന്നില്ല. ജീവജാലങ്ങളെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം മനുഷ്യ സേവന ത്തിന് വേണ്ടിയാണ്. ആയതിനാൽ മനുഷ്യൻ ഇല്ലാതായാൽ അവനോടൊപ്പം മറ്റ് സൃഷ്ടികളും അപ്രത്യക്ഷ മാകുന്നു.

## <u>പ്രവാചകാഗമനം</u>

കാലംതോറും ഭൂമിക്ക് അല്ലാഹുവിന്റെ ദൂതനായ വ്യക്തിയെ മറ്റൊരു ജീവിതത്തിനായി നൽകുന്നു; ഒരു മുന്നറിയിപ്പുകാരനായി ; ഭാവിയിലുണ്ടാകാവുന്ന വിപത്തുകളെക്കുറിച്ച് മുന്നറിയിപ്പു നൽകുവാനായി. അതിലൂടെ സാഹചര്യത്തിന്റെ ഗൗരവം അവർക്ക് ബോധ്യപ്പെടുവാനായി. അവരുടെ തെറ്റുകളിൽ നിന്ന് പിൻമാ റുവാൻ, അവർ സ്വയം ശാരീരികമായും, ധാർമ്മികമായും, ആത്മീയമായും സംസ്കൃതരാകുവാൻ. ഈ മൂന്ന് നിലയിലുള്ള സംസ്കരണവും അവന് ആവശ്യമാണ്. കാരണം ഇവ അവനെ അവന്റെ സൃഷ്ടാവിന്റെ അടു ക്കലേക്ക് മാർഗ്ഗദർശനം നൽകുന്നു. ലോകം തെറ്റായ വഴിയിലൂടെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്ന ബോധ്യം വരുവാൻ, ആ വിപത്തുകൾ അവനൊരു വഴിയായി തീരുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ എന്തോ പന്തികേടുണ്ട്. വളരെ വൈകാതെ അവൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

നാം ഇപ്പോൾ ജീവിച്ചുകൊണ്ടിരിക്കുന്ന കാലം വിധിനാളിന്റെ പ്രതിബിംബം പോലെയുണ്ട്. അല്ലാഹു (ത) ഭൂമിയേയും സമുദ്രത്തേയും തിരിക്കുന്നതാണ്, ജനങ്ങളെ തലകീഴായി മറിക്കുന്നതുപോലെ! അതുകൊണ്ട്

അവർ അവരുടെ യഥാർത്ഥ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധവാന്മാരായിരിക്കണം. ഭൂമിയിലെ അവരുടെ യഥാർത്ഥ ലക്ഷ്യം എന്തെന്ന് മനസ്സിലാക്കിയിരിക്കണം. മുന്നറിയിപ്പു നൽകുവാനായി, ദൈവദൂതന്റെ ആഗമന സമയത്തിന്റെ പ്രത്യേകത, പ്രകൃതി ദുരന്തം എന്ന പേരിൽ എഴുതി തള്ളുന്ന ഓരോ വിപത്തും, ഭയാനകമായ അവസ്ഥയിലേക്ക് മാറ്റപ്പെടുന്നതാണ്, കാരണം ഈ സംഭവത്തിനു പിന്നിൽ ദൈവത്തിന്റെ കരങ്ങളാണ് പ്രവർത്തിക്കുന്നത്. കാരണം ദൈവ കൽപ്പനകളെയും ദൈവദൂതനെയും ധിക്കരിക്കുന്നതുമൂലമാണ് അവരെ നശിപ്പിക്കുന്നതിനുള്ള ഇത്തരം സംഭവങ്ങൾ അരങ്ങേറുന്നത്. ഈ സാഹചര്യം വളരെ ഗൗരവാവഹമാണ്. കാരണം ദുർനടപടികൾ സർവ്വവ്യാപിയായിരിക്കുന്നു. എല്ലാ ജനതയും/മതങ്ങളും ഭൂമിയിലെ പരമാധികാരിയായി ഭരണം നടത്താൻ ആഗ്രഹിക്കുന്നു. ചിലർ ദൈവീക നിയമങ്ങളെ ധിക്കരിച്ച് തങ്ങളുടെ നിയമങ്ങൾ നടപ്പിലാക്കുവാൻ ശ്രമിക്കുന്ന ഗതികേടിലാണ്. മൂസ (അ) ന്റെ കാലത്തു ഫറോവ ചെയ്തതു പോലെയും ഇബ്രാഹിം നബി (അ) ന്റെ കാലത്ത് നിംറൂദ് ചെയ്തതുപോലെയും !

ഈ ഭൗതിക അധികാര ദാഹം, അവരെ അവരുടെ യഥാർത്ഥ ദൈവത്തെ വിസ്മൃതിയിലാഴ്ത്തി. ആയതിനാൽ, അല്ലാഹു (ത) എന്നെ അറിയിച്ചതുപോലെ, “എഴുന്നേൽക്കൂ, എന്നിട്ട് ഒരു പുതിയ ലോകം സൃഷ്ടിക്കൂ” ഇതിന് ഇതുകൂടി അർത്ഥമുണ്ട്, അതായത് ഈ ലോകം അതിന്റെ തന്നെ നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആ ദിനം സമാഗതമായിക്കൊണ്ടിരിക്കുന്നു. അല്ലാഹു (ത) ഒരു പുതിയ ലോകം സൃഷ്ടിക്കുന്നതാണ്, അവന്റെ യഥാർത്ഥ ദാസർക്കായ് ; അവനെ അനുസരിക്കുന്നവർക്കായി; ഈ ലോകം ഒരു ആത്മീയ ലോകമാണ്, വിശ്വാസത്തിലധിഷ്ഠിതവും, ദൈവത്തിലും ദൈവദൂതൻമാരിലും ദൃഢവിശ്വാസമുള്ള ലോകവുമായിരിക്കും. അല്ലാഹു (ത) നിയോഗിക്കുന്ന ദൂതൻമാരുടെ ചങ്ങലയിലെ ഒരു കണ്ണി മാത്രമാണ് ഞാൻ. മറ്റുള്ളവർ എനിക്ക് പിന്നാലെ വരും, അവർ പ്രത്യക്ഷരാകുന്നത് എന്നിലൂടെയായിരിക്കും. (അതായത് എന്റെ ജമാഅത്തിലൂടെ, എന്നിലുള്ള അവരുടെ വിശ്വാസത്തിലൂടെ) ഈ ലോകം അനേകം പുതുമകൾക്ക് സാക്ഷ്യം വഹിക്കും. ഒരു രീതിയിൽ ലോകം മരിച്ചുകൊണ്ടിരിക്കും, മറ്റൊരു രീതിയിൽ അതിനെ നവീകരിച്ചുകൊണ്ടുമിരിക്കും. ജനങ്ങൾ നിയമവ്യവസ്ഥയെ അനുസരിക്കുകയാണെങ്കിൽ നവീകരിക്കുവാൻ കഴിയും. നിയമ വ്യവസ്ഥ ഖുർആൻ ആകുന്നു. യഥാർത്ഥ മാർഗ്ഗദർശിയായ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെയും അദ്ദേഹത്തിന്റെ പ്രതിനിധികളെയും അനുഗമിക്കുക. ഇസ്ലാമിക ദൂതൻമാർ അവർ മുഹമ്മദ് (സ) ന്റെ സന്ദേശത്തെയും സത്യത്തെയും ശക്തിപ്പെടുത്തുവാൻ വരുന്നവരുമാണ്.

അല്ലാഹു (ത) നമ്മെ സഹായിക്കട്ടെ ! മുഹമ്മദ് (സ) യുടെ സമുദായത്തെ സഹായിക്കട്ടെ ! ഇസ്ലാമിന്റെ പേരിൽ വിജയങ്ങൾക്കുമേൽ വിജയം ആർജ്ജിക്കുവാൻ അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കുന്നതിൽ അതിവിപുലമായ മുസ്ലീം കുടുംബത്തെ ഒന്നാക്കി തീർക്കട്ടെ ! ഏക ദൈവാരാധനയിലേക്ക് മാനവരാശിയെ മൊത്തത്തിൽ ക്ഷണിക്കുവാനും, അവരുടെ തെറ്റുകൾ മനസ്സിലാക്കുവാനും, പൊയ് ദൈവങ്ങളെ ഉപേക്ഷിക്കുവാനും കഴിയട്ടെ ! ആമീൻ.


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*